# ദേശീയോദ്ഗ്രഥനവും ഏക സിവിൽകോഡും

**ഗോൾവാൾക്കർ**

*’72-ൽ പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനച്ചടങ്ങളിൽ പങ്കെടുത്ത് സംസാരിക്കവെ ആർ.എസ്.എസ് നേതാവ് ഗോൾവാൾക്കർ ദേശീയോദ്ഗ്രഥനത്തിന് പൊതു സിവിൽകോഡ് ഒരു അവശ്യോപാധിയല്ലെന്ന് പ്രസ്താവിച്ചിരുന്നു. ഇതേ തുടർന്ന് ആർ.എസ്.എസ് പത്രമായ ഓർഗനൈസർ ’72-ൽ അദ്ദേഹവുമായി നടത്തിയഒരു ഇന്റർവ്യൂ ആണ് ചുവടെ:*

**ചോദ്യം:** ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്താൻ പൊതു സിവിൽകോഡ് ആവശ്യമാണെന്ന് താങ്കൾക്കഭിപ്രായമില്ലേ?

ഉത്തരം: ഇല്ല. ഞാൻ അങ്ങനെ കരുതുന്നില്ല. തീർച്ചയായും എന്റെ ഈ അഭിപ്രായം താങ്കൾക്കും മറ്റു നിരവധി ആളുകൾക്കും അത്ഭുതകരമായി തോന്നാം. ഞാൻ ദർശിക്കുന്ന സത്യം അതേ രൂപത്തിൽ തന്നെ പ്രകാശിപ്പിക്കാതിരിക്കാൻ എനിക്ക് നിർവാഹമില്ല.

ചോ: ജനതയുടെ ഏകത ദേശീയൈക്യം ഊട്ടിയുറപ്പിക്കുന്ന ഒരു ഘടകമാണെന്ന് താങ്കൾക്കഭിപ്രായമില്ലേ?

ഉ: അതങ്ങനെത്തന്നെയായിരിക്കണമെന്ന് നിർബന്ധമില്ല. ഇന്ത്യയിലെന്നും വൈവിധ്യവും നാനാത്വവുമാണ് കണ്ടുപോന്നിട്ടുള്ളത്. എന്നാൽ അതോടൊപ്പം തന്നെ ദീർഘകാലം അത്യന്തം ഭദ്രവും ഏകീകൃതവുമായ ഒരു രാഷ്ട്രമായി നിലനിൽക്കാൻ നമുക്ക് കഴിഞ്ഞു. ഐക്യത്തിനും ഉദ്ഗ്രഥനത്തിനും ആവശ്യം ഏകതയല്ല; സഹകരണവും യോജിപ്പുമാണ്.

ചോ: പാശ്ചാത്യ ദേശങ്ങളിൽ ദേശീയത രൂപപ്പെട്ടുവരുന്നത് പൗരനിയമങ്ങളുടെയും മറ്റും ഏകീകരണത്തിൽ കൂടിയാണല്ലോ?

ഉ: യൂറോപ്യൻ സംസ്കാരം പ്രായത്തിൽ വളരെ മൂപ്പുകുറഞ്ഞതാണെന്ന വസ്തുത വിസ്മരിക്കരുത്. നവജാതമായ ഒരു വൻകരയാണ് യൂറോപ്പ്. ഇന്നലെ അതുണ്ടായിരുന്നില്ല. നാളെ അതുണ്ടായിക്കൊള്ളണമെന്നുമില്ല. ആവശ്യത്തിൽ കവിഞ്ഞ ഐകരൂപ്യം പ്രകൃതിപോലും ഇഷ്ടപ്പെടുകയില്ല എന്നാണ് എനിക്ക് തോന്നുന്നത്. വരുംകാലങ്ങളിൽ യൂറോപ്യൻ സംസ്കാരത്തിന് ഈ ഐകരൂപ്യം പ്രയോജനം ചെയ്യുമോ എന്ന് ഇപ്പോൾ പ്രവചിക്കാൻ വയ്യ. വർത്തമാനകാല സ്ഥിതിയിൽ മാത്രം പരിമിതമായിരിക്കരുത് നമ്മുടെ വീക്ഷണം. വിദൂര ഭൂതവും ഭാവിയും നമ്മുടെ ദൃഷ്ടിപഥത്തിലുണ്ടായിരിക്കേണ്ടതുണ്ട്. പല പ്രവർത്തനങ്ങളുടെയും ഫലം വൈകി മാത്രമേ ചിലപ്പോൾ പ്രത്യക്ഷപ്പെട്ടെന്ന് വരികയുള്ളൂ. നമുക്ക്, ഈ രാഷ്ട്രത്തിലെ ജനതക്ക് ലക്ഷക്കണക്കിൽ സംവത്സരങ്ങളുടെ അനുഭവ പാരമ്പര്യമുണ്ട്. നമ്മുടെ ജീവിതരീതി നാം പരിപൂർണമായും പരീക്ഷിച്ചറിഞ്ഞതാണ്. നാനാത്വത്തിൽ ഏകത്വം സാധ്യമാണെന്നതാണ് നമ്മുടെ അനുഭവം.

ചോ: രാജ്യത്ത് ഒരു പൊതു സിവിൽകോഡ് നടപ്പാക്കാൻ പരിശ്രമിക്കുന്നതാണെന്ന് ഭരണഘടനയിലെ മാർഗനിർദേശകതത്ത്വങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ?

ഉ: ശരിതന്നെ. പൊതു സിവിൽ കോഡ് എന്ന ആശയത്തോടുതന്നെ എനിക്കെതിർപ്പാണെന്ന് ധരിക്കരുത്. എന്നാൽ അതോടൊപ്പം ഒരു കാര്യം കൂടി മനസ്സിലാക്കണം– ഭരണഘടനയിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നതുകൊണ്ട് മാത്രം ഒരു കാര്യം അഭികാമ്യമായിക്കൊള്ളണമെന്നില്ല. നമ്മുടെ ഭരണഘടനയാകട്ടെ, ഇതര രാഷ്ട്രങ്ങളിലെ ഭരണഘടകളുടെ ഒരു മിശ്രിതം മാത്രമാണ്. ഭാരതീയ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ ആവിഷ്കരിക്കപ്പെട്ടതല്ല അത്.

ചോ: മുസ്ലിംകൾ പൊതു സിവിൽകോഡിനെ എതിർക്കുന്നത് തങ്ങളുടെ വ്യക്തിത്വവും വ്യതിരിക്തതയും നിലനിർത്താനാണെന്ന് താങ്കൾ കരുതുന്നില്ലേ?

ഉ: ഏതെങ്കിലുമൊരു വിഭാഗം തങ്ങളുടെ വ്യക്തിത്വവും വ്യതിരിക്തതയും നിലനിർത്താനാഗ്രഹിക്കുന്നുണ്ടെങ്കിൽ ദേശസ്നേഹത്തിനു പ്രതിബന്ധമാവാത്തേടത്തോളം എനിക്കതിനോട് എതിർപ്പില്ല. മുസ്ലിംകൾക്ക് നാല് ഭാര്യമാരെ വെച്ചുപുലർത്താനുള്ള അവകാശം ലഭിക്കുന്നതിനാൽ ആനുപാതികമായി അവരുടെ ജനസംഖ്യ വർധിച്ചുകൊണ്ടിരിക്കുന്നു എന്ന അടിസ്ഥാനത്തിലാണ് ചിലർ പൊതു സിവിൽകോഡ് അഭികാമ്യമായി കരുതുന്നത്. ഇത് പ്രശ്നത്തിന്റെ നേരെയുള്ള നിഷേധാത്മകമായ സമീപനമായിരിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. ഹിന്ദുക്കൾക്കും മുസ്ലിംകൾക്കുമിടയിൽ

മൈത്രീ ബന്ധം നിലനിൽക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ വിപത്ത്. എത്രത്തോളമെന്നാൽ സ്വയം സെക്യുലരിസ്റ്റുകളാണെന്ന് വാദിക്കുന്നവർ പോലും മുസ്‌ലിംകളെ അന്യരായിട്ടാണ് കരുതുന്നത്. അവർ വോട്ടുകൾക്ക് വേണ്ടി മുസ്‌ലിംകളോട് പ്രീണന നയം കൈക്കൊള്ളുന്നു എന്നതാണ് വസ്തുസ്ഥിതി. മറ്റൊരു വിഭാഗമുണ്ട്: മുസ്‌ലിംകളുടെ വ്യതിരിക്തത ഹനിച്ചുകളഞ്ഞ് അവരെ സമനിരപ്പാക്കാൻ അവർ ആഗ്രഹിക്കുന്നു. അടിസ്ഥാനപരമായി ഈ രണ്ട് വീക്ഷണവും ഒന്നുതന്നെയാണ്. രണ്ട് വിഭാഗവും മുസ്‌ലിംകളെ തങ്ങളിൽനിന്നന്യരായിട്ടാണ് കരുതുന്നത്. തികച്ചും വ്യത്യസ്തമാണ് എന്റെ സമീപനം. മുസ്‌ലിംകൾ ഈ രാഷ്ട്രത്തെയും ഇവിടത്തെ സംസ്കാരത്തെയും സ്നേഹിക്കുന്ന കാലത്തോളം നാം അവരുടെ ജീവിതരീതി സ്വാഗതം ചെയ്യും. മുസ്‌ലിംകളുടെ വിനാശത്തിനുത്തരവാദികൾ രാഷ്ട്രീയക്കാരാണെന്ന് ഞാൻ പറയട്ടെ. കേരളത്തിൽ മുസ്‌ലിം ലീഗിനെ പുനരുജ്ജീവിപ്പിച്ചതിന്റെ ഉത്തരവാദി കോൺഗ്രസ്സാണ്. ഇപ്രകാരം രാഷ്ട്രത്തിലെവിടെയും മുസ്‌ലിം വിഭീയത പരിപോഷിപ്പിക്കുന്നതിന്റെ ഉത്തരവാദി കോൺഗ്രസ്സാണെന്ന് കാണാം.

ചോ: താങ്കളുടെ വാദഗതി ഭൂതകാലത്തേക്ക് കൂടി ബാധകമാക്കുകയാണെങ്കിൽ ഹിന്ദു സിവിൽകോഡിനെപ്പറ്റിയും അതനാവശ്യവും അനഭിലഷണീയവുമാണെന്ന് പറഞ്ഞുകൂടെ?

ഉ: ദേശീയോദ്ഗ്രഥനത്തിന് ഹിന്ദു നിയമങ്ങൾ ഏകീകരിക്കേണ്ടത് ഒരു ആവശ്യമായിരുന്നുവെന്ന് ഞാൻ കരുതുന്നില്ല. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ നമ്മുടെ രാജ്യത്ത് വ്യത്യസ്ത കോഡുകൾ നിലവിലുണ്ടായിരുന്നു. അടുത്തകാലം വരെ കേരളത്തിൽ മരുമക്കത്തായമായിരുന്നു നടപ്പിലുണ്ടായിരുന്നത്. അതിൽ എന്തു ന്യൂനതയാണുണ്ടായിരുന്നത്? ആചാര സമ്പ്രദായങ്ങൾ നിയമത്തെ കവച്ചുനിൽക്കുമെന്നും നിൽക്കേണ്ടതുണ്ടെന്നുമുള്ളത് ഇന്നത്തെയും ഇന്നലത്തെയും നിയമജ്ഞന്മാരെല്ലാം ഏകോപിച്ച വസ്തുതയത്രെ. ആചാരസമ്പ്രദായങ്ങൾ 'ശാസ്ത്ര'ത്തേക്കാൾ സ്വാധീനശക്തിയുള്ളവയാണെന്ന് ശാസ്ത്രങ്ങളിൽ തന്നെ പറഞ്ഞിട്ടുണ്ട്. പ്രാദേശികമോ സാമൂഹികമോ ആയ നിയമ സമുച്ചയങ്ങളായി പിന്നീട് രൂപപ്പെട്ടുവരുന്നതും ഈ ആചാരസമ്പ്രദായങ്ങൾതന്നെ. എല്ലാ സമൂഹങ്ങളും പ്രാദേശികമായ ആചാരസമ്പ്രദായങ്ങളുടെ അനുവദനീയതയും പ്രാബല്യവും അംഗീകരിച്ചിട്ടുണ്ട്.

ചോ: പൊതുസിവിൽകോഡ് ആവശ്യമല്ലെങ്കിൽപിന്നെ പൊതുവായൊരു ക്രിമിനൽ നിയമവും അനാവശ്യമാണെന്ന് സമ്മതിച്ചുകൂടെ?

ഉ: രണ്ടും തമ്മിൽ മൗലികമായ അന്തരമുണ്ട്. സിവിൽ നിയമങ്ങൾ വ്യക്തിയിലും അവന്റെ കുടുംബത്തിലും പരിമിതമാണ്. ക്രിമിനൽ നിയമമാകട്ടെ, ക്രമസമാധാനവും മറ്റനേകം കാര്യങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നു. അത് വ്യക്തിയിൽ പരിമിതമല്ല; സമൂഹത്തെ കൂടി സ്പർശിക്കുന്നതാണ്.

ചോ: നമ്മുടെ മുസ്‌ലിം സഹോദരികളെ ഘോഷാ സമ്പ്രദായത്തിൽനിന്നും ബഹുഭാര്യാത്വത്തിൽനിന്നും മോചിപ്പിക്കാതിരിക്കുന്നത് ശരിയാണോ?

ഉ: താങ്കളുടെ വിമർശനം മാനുഷികാടിസ്ഥാനത്തിലാണെങ്കിൽ അതിന് ഔചിത്യമുണ്ടെന്ന് പറയാം. ഒരു പരിഷ്കരണ പ്രേമിയുടെ നിലപാടിലൂടെ ഈ കാര്യങ്ങൾ ചിന്തിക്കുന്നതിൽ തെറ്റില്ല. പക്ഷേ, കൃത്രിമമായി എല്ലാവരെയും ഒരേ തലത്തിൽ കൊണ്ടുവരുന്നത് ശരിയായിരിക്കില്ല. തങ്ങളുടെ പുരാതന നിയമങ്ങളിൽനിന്ന് സ്വയം മോചിതരാവാനുള്ള സന്ദർഭം മുസ്‌ലിംകൾക്ക് നാം നൽകണം. ബഹുഭാര്യാത്വം അനുചിതമാണെന്ന നിഗമനത്തിൽ അവർ സ്വയം എത്തിച്ചേരുകയാണെങ്കിൽ ഞാനതിൽ ഏറ്റവുമധികം സന്തുഷ്ടനായിരിക്കും. പക്ഷേ, അവരുടെ മേൽ എന്റെ ചിന്താഗതി അടിച്ചേൽപിക്കാൻ ഞാൻ ഇഷ്ടപ്പെടുകയില്ല. ഐകരൂപ്യം രാഷ്ട്രങ്ങളുടെ മരണമണിയായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. പ്രകൃതി ഐകരൂപ്യം ഇഷ്ടപ്പെടുകയില്ല. വ്യത്യസ്ത ജീവിത സമ്പ്രദായങ്ങൾക്ക് നിലനിൽപനുവദിക്കണമെന്ന ആശയക്കാരനാണ് ഞാൻ. പക്ഷേ, ഈ വൈവിധ്യം, വർണബാഹുല്യം ദേശീയൈക്യത്തിന് സഹായകമായിരിക്കണം; പ്രതിബന്ധമാവരുത്. ■